# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1424 03/05/2017 ൽ മറുപടിയ്ക്ക്**

**വിവിധ വകുപ്പുകളിലായി തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ**

ചോദ്യം
ശ്രീ. അബ്ദുൾ ഹമീദ്

ഉത്തരം
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിലായി നിരവധി ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഫയൽ നീക്കം വേഗത്തിലാക്കുന്നതിന് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമാക്കാനും മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ (E-office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു. |
| (സി) | സർവ്വീസ് ഡെലിവറി സംബന്ധിച്ച കാലഹരണപ്പെട്ട ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) & (ഡി) | കാലഹരണപ്പെട്ട ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനുമായി സർക്കാർ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ